തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : സർ, ഇത് സംബന്ധിച്ച് 1997-ൽ വൈദ്യുതി വകുപ്പുമന്ത്രിയും തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും ചേർന്ന് ചർച്ച ചെയ്ത് ചില തീരുമാനങ്ങളെടുത്തു. പക്ഷേ ആ തീരുമാനങ്ങൾ നടപ്പാക്കുന്നതിൽ വേണ്ടത്ര പുരോഗതി നേടിയില്ല. അതുകൊണ്ട് കഴിഞ്ഞ വർഷം ബന്ധപ്പെട്ട രണ്ടു മന്ത്രിമാരും ഉദ്യോഗസ്ഥന്മാരും കൂടി ചേർന്ന് വിശദമായി കാര്യങ്ങൾ ചർച്ച ചെയ്തു. ആ ചർച്ചയുടെ ഫലമായി കുറെ പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞു. എങ്കിലും ഇപ്പോഴും കുറെ പ്രശ്നങ്ങൾ അവശേഷിക്കുന്നു എന്നതാണ് യാഥാർത്ഥ്യം. അതുകൊണ്ട് ഒരു പ്രാവശ്യംകൂടി ബന്ധപ്പെട്ട രണ്ടു വകുപ്പുകളിലെയും ഉത്തവാദപ്പെട്ട ആളുകളെ ഉൾക്കൊള്ളിച്ച് ഒരു ചർച്ചകൂടി വേണ്ടിവരും എന്നുള്ളതാണ് ഇപ്പോഴത്തെ സ്ഥിതി. അടിയന്തിരമായി അതിന് ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ചില പഞ്ചായത്തുകളെ സംബന്ധിച്ച് സ്ഥിതി വളരെ ഗുരുതരമാണെന്നുള്ളത് സമ്മതിക്കുന്നു. രണ്ടുവകുപ്പിന്റെയും കൂടി കൂട്ടായ ശ്രമം ഈ കാര്യത്തിൽവേണ്ടിവരും. ചില പ്രായോഗിക ബുദ്ധിമുട്ടുകൾ ഉള്ളത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകാം. അത് പരിഹരിക്കത്തക്ക ചില തീരുമാനങ്ങൾ വേണം. അതിനുവേണ്ടി അടിയന്തിരമായി നടപടി സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ : രണ്ട് മന്ത്രിമാരുംകൂടി ആദ്യം തീരുമാനിക്കണം. അതിനുശേഷം വകുപ്പ് മേധാവികളെ വിളിക്കുവാനുള്ള നടപടി സ്വീകരിക്കണം.

(11) പിരിച്ചെടുത്ത ലൈബ്രറി സെസ് ലൈബ്രറി കൗൺസിലിന് നൽകുന്നതിലുള്ള കാലതാമസം

ശ്രീ. ജോൺ ഫെർണാണ്ടസ് : സർ, ഗ്രന്ഥശാല നിയമം അനുസരിച്ച് സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ പ്രവർത്തനത്തിന് ആവശ്യമായ ഫണ്ട് സ്വരൂപിക്കുന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വസ്തു നികുതി, കെട്ടിട നികുതി എന്നിവ പിരിക്കുമ്പോൾ അഞ്ചു ശതമാനം ലൈബ്രറി സെസ് കൂടി പിരിച്ച് ആ തുക കേരള ഗ്രന്ഥശാലാ സംഘത്തിന് നല്കണമെന്നാണ് വ്യവസ്ഥ. ഇതനുസരിച്ച് കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലൈബ്രറി സെസ് നല്കേണ്ടതാണ്. എന്നാൽ ഇങ്ങനെ പിരിച്ചെടുക്കുന്ന വിഹിതം കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് നല്കുന്ന കാര്യത്തിൽ കേരളത്തിലെ ഭൂരിപക്ഷ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അമാന്തം കാണിക്കുകയാണ്. കോടിക്കണക്കിന് രൂപ ഈ നിലയിൽ ഗ്രന്ഥശാലകൾക്ക് ലഭിക്കേണ്ടതുണ്ട്. എന്നാൽ പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഈ വിഹിതം പിരിച്ചെടുക്കുകയും ആ തുക അവരുടെ ആവശ്യങ്ങൾക്കുവേണ്ടി വിനിയോഗിക്കുകയും ഗ്രന്ഥശാലാ സംഘത്തിന് സമയാസമയം കിട്ടാതിരിക്കുകയും ചെയ്യുന്നു. കൊച്ചി കോർപ്പറേഷൻ അടക്കമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ നിലയിൽ ലക്ഷക്കണക്കിന് രൂപയാണ് ഗ്രന്ഥശാല സംഘത്തിന് കൊടുക്കാനുള്ളത്. പിരിച്ചെടുക്കുന്ന സംഖ്യ കാലതാമസം കൂടാതെതന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഗ്രന്ഥശാലാ

LIBRARY ARCHIVES Kerala Legislative Assembly

സംഘത്തിന് നൽകണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ഇതിനുമുൻപ് പല പ്രാവശ്യം ഉത്തരവ് ഇറക്കിയിട്ടുണ്ടെങ്കിലും ഈ കാര്യത്തിൽ ഇനിയും പുരോഗതി ഉണ്ടായിട്ടില്ല. കർക്കശമായി ഈ സംഖ്യ പിരിച്ചെടുത്ത് ഉടനടി അത് ഗ്രന്ഥശാല സംഘത്തിന് നല്കണമെന്നും അതിന് കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥൻ ഇതിന് പലിശ സഹിതം നഷ്ടം നല്കണമെന്നുമുള്ള നിലയിൽ തീരുമാനമെടുത്തു ഗ്രന്ഥശാലസംഘത്തിന്റെ പ്രവർത്തനം സുഗമമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : സർ, സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ സുഗമമായ പ്രവർത്തനത്തിനുള്ള പ്രധാന ധനാഗമമാർഗ്ഗമാണ് സെസ്. 1989-ലെ കേരളാ പബ്ലിക് ലൈബ്രറീസ് ആക്ടിലെ 48-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾ ഈടാക്കുന്ന വസ്തു നികുതി, കെട്ടിട നികുതി എന്നിവയിൽമേലുള്ള സർച്ചാർജ്ജിന്റെ രൂപത്തിൽ, ഒരു രൂപ നികുതിക്ക് 5 പൈസ ക്രമത്തിൽ ലൈബ്രറി സെസ് ഈടാക്കാൻ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് അധികാരമുണ്ട്. (2)-ാം ഉപവകുപ്പ് പ്രകാരം ഓരോ നഗരസഭയും, പഞ്ചായത്തും വസ്തു നികുതി, കെട്ടിട നികുതി എന്നതുപോലെ തന്നെ അതിന്റെ അധികാരത്തിൽപ്പെട്ട പ്രദേശത്തുനിന്നും ലൈബ്രറി സെസ് പിരിച്ചെടുക്കേണ്ടതും അങ്ങനെ പിരിച്ചെടുക്കുന്ന തുക (3)-ാം ഉപവകുപ്പ് പ്രകാരം സ്റ്റേറ്റ് ലൈബ്രറി കൗൺസിലിനെ ഏൽപ്പിക്കേണ്ടതുമാണ്. ആയതു സംബന്ധിച്ച നിർദ്ദേശം 20-5-1995 ലെ സർക്കുലർ മുഖേന എല്ലാ തദ്ദേശസ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്. രണ്ടാമത്, തദ്ദേശഭരണ സ്ഥാപനങ്ങൾ പിരിച്ചെടുക്കുന്ന ലൈബ്രറി സെസ് യഥാസമയം ലൈബ്രറി കൗൺസിലിന് അടയ്ക്കുന്നതിലും ഈ ഇനത്തിൽ ഭീമമായ കുടിശ്ശിക തദ്ദേശഭരണ സ്ഥാപനങ്ങൾ വരുത്തിയിട്ടുണ്ട് എന്നും ലൈബ്രറി കൗൺസിൽ സെക്രട്ടറി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 5-11-1998-ൽ തദ്ദേശഭരണ വകുപ്പ് ഒരു കത്തിലൂടെ കുടിശ്ശിക തുകകൾ അടയ്ക്കാൻ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങൾക്കും കർശനമായ നിർദ്ദേശം നൽകിയിരുന്നു. കൂടാതെ 25-2-1999 ലെ 213 (എൽ) 3/99, തദ്ദേശഭരണ വകുപ്പുമന്ത്രി എന്ന സർക്കുലർ പ്രകാരം 31-3-1999 ന് മുൻപ് കുടിശ്ശിക തുകകൾ അടയ്ക്കേണ്ടതും വീഴ്ച വരുത്തുന്ന സ്ഥാപനങ്ങളുടെ ഗ്രാന്റിൽ നിന്നും ലൈബ്രറി സെസ് കുറവു ചെയ്യുന്നതാണെന്നും അറിയിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ മിക്ക തദ്ദേശഭരണ സ്ഥാപനങ്ങളും ലൈബ്രറി സെസ് കുടിശ്ശിക അടച്ചിട്ടുള്ളതായി റിപ്പോർട്ടുകൾ കിട്ടിയിട്ടുണ്ട്. എന്നാൽ ഈ കുടിശ്ശിക അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ള 12 നഗരസഭകളിൽ നിന്നും ആയതിനുള്ള വിശദീകരണങ്ങളും ആവശ്യപ്പെട്ടിട്ടുണ്ട്. അതോടൊപ്പം തന്നെ ഏതെങ്കിലും തദ്ദേശഭരണ സ്ഥാപനം ഈയിനത്തിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടെങ്കിൽ ആയത് 30-9-1999ന് മുൻപ് അടച്ചു തീർക്കണമെന്ന് കർശനമായ നിർദ്ദേശം 4-6-1999ൽ മറ്റൊരു കത്തിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങളെ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly